(ബി) 15-5-99 മുതൽ നടപ്പിലാക്കിയ താരിഫ് നിരക്ക് അനുബന്ധം-II ആയി കൊടുത്തിരിക്കുന്നു.

102 (1011) വൈദ്യുതി ബോർഡിൽ ദിവസക്കൂലി വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും ജോലി ചെയ്യുന്നവർ

ശ്രീ. എം.കെ. മുനീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ.കെ.പി.എ.മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ബില്ലിംഗ് ക്ലാർക്ക്, മീറ്റർ റീഡർ, സബ് എഞ്ചിനീയർ തുടങ്ങിയ കാറ്റഗറികളിൽ ദിവസക്കൂലി വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും എത്രപേർ ജോലി നോക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) 13-8-99-ലെ കണക്കനുസിരിച്ച് 270 പേർ.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

103 (1012) ലൈൻമാൻ

ശ്രീ. ജോർജ്ജ് ജെ. മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിലും എത്ര ലൈൻമാൻമാർ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ലൈൻമാൻമാരുടെ ഒഴിവുകൾ നിലവിൽ ഉണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ലൈൻമാൻ തന്റെ കീഴിൽ അസിസ്റ്റന്റുമാരെ നിയമിച്ച് ജോലി ചെയ്യിക്കുന്ന സമ്പ്രദായം ബോർഡ് അംഗീകരിച്ചിട്ടുണ്ടോ; ഇപ്രകാരം ജോലി എടുപ്പിക്കുന്ന വിവരം സർക്കാരിന് അറിവുണ്ടോ; ഇല്ലെങ്കിൽ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ എണ്ണം നോക്കിയല്ല വൈദ്യുതി ബോർഡിൽ ലൈൻമാൻമാരെ നിയോഗിക്കുന്നത്.

(ബി) ഉണ്ട്. 928 ഒഴിവുകൾ. 25-11-99-ന് 560 ലൈൻമാൻമാരെ ഓവർസീയർ കാറ്റഗറിയിലേക്ക് പ്രൊമോട്ട് ചെയ്യുകയും 7-12-99-ന് 112 ഇലക്ട്രിസിറ്റി വർക്കർമാരെ ലൈൻമാൻമാരായി പ്രൊമോട്ടു ചെയ്യുകയും ചെയ്തതിനുശേഷം നിലവിൽ 928 ഒഴിവുകൾ ഉണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly